## കൺവൻഷനുകൾ ബന്ധങ്ങൾ ശക്തീകരിക്കുന്നതിന് ഉതകണം :

### റൈറ്റ് റവ.ഡോ.ഗീവർഗീസ് മാർ അത്താനാസിയോസ് സഫ്രഗൻ മെത്രാപ്പോലീത്ത

റാന്നി : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നിലയ്ക്കൽ ഭദ്രാസനത്തിലെ എല്ലാ ദേവാലയങ്ങളുടെയും സഹകരണത്തോടെ നടത്തപ്പെടുന്ന 49-ാമത് റാന്നി നിലയ്ക്കൽ ഓർത്തഡോക്സ് കൺവൻഷൻ റാന്നി മാർ ഗ്രീഗോറിയോസ് കാതോലിക്കേറ്റ് സെന്ററിൽ ആരംഭിച്ചു. ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ മാർത്തോമ്മാ സഭയുടെ റൈറ്റ് റവ.ഡോ.ഗീവർഗീസ് മാർ അത്താനാസിയോസ് സഫ്രഗൻ മെത്രാപ്പോലീത്ത കൺവൻഷൻ ഉദ്ഘാടനം ചെയ്തു. ബന്ധങ്ങൾ അന്യം നിന്നു പോകുന്ന ഈ കാലഘട്ടത്തിൽ വചനകേൾവിയിലൂടെ ആത്മ നവീകരണം പ്രാപിച്ച് കുടുംബ ബന്ധങ്ങൾ ശക്തമാക്കുവാൻ ഓരോ വ്യക്തിക്കും സാധിക്കണമെന്നും സംഘർഷഭരിതമായ ലോകത്തിൽ സഭകൾ തമ്മിലുള്ള കൂട്ടായ്മകൾ ക്രൈസ്തവ സാക്ഷ്യത്തിന് അനിവാര്യമാണെന്നും അഭിവന്ദ്യ തിരുമേനി ഉദ്ഘാടന പ്രസംഗത്തിൽ ഉദ്ബോധിപ്പിച്ചു. റവ.ഫാ.ബിജു ആൻഡ്രൂസ് ഇടുക്കി വചനപ്രഘോഷണം നടത്തി.